**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4460** **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ നിലവിലുള്ള ശമ്പളപരിഷ്കരണ കാലാവധി 2024 മാർച്ച് 31 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ ശമ്പളപരിഷ്കരണ കമ്മീഷൻ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ അർബൻ ബാങ്ക് ജീവനക്കാർക്ക് ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ പര്യാപ്തമല്ലാത്തതിനാൽ, വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കേരള ബാങ്കിലെ ജീവനക്കാർക്ക് പുതിയ ഡി.എ. പ്രഖ്യാപിച്ച് ഉത്തരവിറങ്ങിയ സാഹചര്യത്തിൽ മറ്റ് സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കും ഇത് ബാധകമാക്കുമോ; സഹകരണ സംഘങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് ജീവനക്കാർക്ക് നൽകാനുള്ള ക്ഷാമബത്ത കുടിശിക ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ അനുമതി നൽകുമോ; | (ബി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ച് 10/05/2011-ലെ സ.ഉ(കൈ)നം.75/2011/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് അനുസൃതമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത അനുവദിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഏറ്റവും അവസാനം 2% ക്ഷാമബത്ത അനുവദിച്ചതിനെ തുടർന്ന് ആയതിന് ആനുപാതികമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ക്ഷാമബത്ത അനുവദിച്ചുകൊണ്ട് 16/03/2024-ലെ സ.ഉ(സാധാ)നം.154/2024/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രാഥമിക സഹകരണ സംഘങ്ങളിലെപ്പോലെ സഹകരണ അർബൻ ബാങ്കുകളിൽ സൂപ്പർ ഗ്രേഡ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സഹകരണ അർബൻ ബാങ്കുകളിൽ സൂപ്പർ ഗ്രേഡ് നടപ്പിലാക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ